# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 688 — 08.08.2017 -ൽ മറുപടിക്ക്

**വിനോദസഞ്ചാരമേഖലയുടെ വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീമതി. പി. അയിഷാപോറ്റി<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. എം. സ്വരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ വികസന ത്തിനായി ഏതെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ ; | എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ വികസന ത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>• കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിൽ ദക്ഷിണേന്ത്യയിൽ നിന്നും 'ഗുരുവായൂരിനെ' ഉൾപ്പെടുത്തു കയും പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.<br>• കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതി യായ "പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി" വികസനം, സ്പിരിച്വൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം), " ശ്രീ പത്മനാഭ - ആറന്മുള-ശബരിമല" വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.<br>• മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ.<br>• പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബി യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.<br>• ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനവും പരിപാലനവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആരംഭിച്ചു<br>• കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദ സഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചു കൊണ്ടുള്ള ഒരു ബൃഹത് പദ്ധതി യായ മലനാട്- മലബാർ -ക്രൂയിസ്- ടൂറിസം പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് പദ്ധതിയിൽ ഉൾപ്പെട്ട ചില ഘടകങ്ങൾ നിർമ്മിക്കുന്നതിനായി 11.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

- ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ-വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആരംഭിച്ചു.
- ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ചു
- പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദ മാക്കുന്നതിനുള്ള പദ്ധതി.
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം.
- ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി ' ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതി.
- വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശി ക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനം.
- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി.
- കൊല്ലം ജില്ലയിലെ ചടയമംഗലത്ത് ' ജടായുപാറ ടൂറിസം പദ്ധതി '.
- അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ, ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി-നവ മാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ.
- ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി പ്രചരണപരിപാടികൾ.
- നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ' ഗോ കേരള ആപ്പ്, ' ലോവസ്റ്റ് യൂണിക് ബിഡ് ' എന്നീ വിപണന പരിപാടികൾ.
- ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭിക്കുന്ന തിനുള്ള നടപടികൾ.

ബി) ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങ ളിലേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

ബി) ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷ ങ്ങളിലേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത കണക്ക കൾ ചുവടെ ചേർക്കുന്നു.

| വർഷം | ആഭ്യന്തര വിനോദ സഞ്ചാരികൾ | വളർച്ചാ നിരക്ക് |
|---|---|---|
| 2014 | 1,16,95,411 | 7.71% |
| 2015 | 1,24,65,571 | 6.59% |
| 2016 | 1,31,72,535 | 5.67% |

സി) വിദേശ ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്കിലെ കുറവ് കണ്ടെത്തി അത് പരിഹരിക്കാൻ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ ആഗോള മാർക്കറ്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ടോ;

സി) വിദേശ വിനോദസഞ്ചാരികളുടെ വളർച്ചാ നിരക്ക് 2014 വർഷത്തിൽ 7.60% ആയിരുന്നു. എന്നാൽ 2015 വർഷത്തിൽ വളർച്ചാ നിരക്ക് 5.86% ആയി കുറയുകയും പിന്നീട് 2016 ൽ വളർച്ചാ നിരക്ക് 6.23% ആയി വർദ്ധി ക്കുകയും ചെയ്തു.

ഡി) ഇതിന്റെ ഫലമായി വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഡി) വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | വളർച്ചാ നിരക്ക് |
|---|---|---|
| 2014 | 9,23,366 | 7.60% |
| 2015 | 9,77,479 | 5.86% |
| 2016 | 10,38,419 | 6.23% |

സെക്ഷൻ ഓഫീസർ.